സ്പോർട്സ്2/37346/2011/ഡി.പി.ഐ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 12.12.2012

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ,
. . . . . . . .

സർ,

വിഷയം: പൊതു വിദ്യാഭ്യാസം - സ്പോർട്സ് - സമ്പൂർണ കായികക്ഷമതാ പദ്ധതി - 2012-2013 കോ-ഓർഡിനേറ്റർമാരായി കായികാദ്ധ്യാപകരുടെ സേവനം വിനിയോഗിക്കുന്നതു സംബന്ധിച്ച്.

സൂചന:- കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 25-10-2012-ലെ കത്ത്.

കേരളത്തിലെ വിദ്യാലയങ്ങളിൽ കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയ വിധത്തിൽ, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി 2012-2013 വർഷവും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പദ്ധതിയുടെ 1-ാം ഘട്ടം 2013 ജനുവരി 13-നകവും രണ്ടാം ഘട്ടം ജനുവരി 30-നകവും തീർപ്പാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

പദ്ധതിയുടെ നടത്തിപ്പിനായി വിവിധ ജില്ലകളിൽ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട കായികാദ്ധ്യാപകരുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി ടി കായികാദ്ധ്യാപകരെ അവരുടെ നിലവിലുള്ള ഔദ്യോഗിക കർത്തവ്യങ്ങൾക്ക് യാതൊരു നിധത്തിലും തടസ്സം ഉണ്ടാകാത്ത വിധത്തിൽ മേൽ സൂചിപ്പിച്ച കാലയളവിൽ പദ്ധതിയുടെ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്നതിനുള്ള അനുവാദം നൽകേണ്ടതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

ഒപ്പ്/-

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സീമ-14-12